# ട്രാഫിക് ബോധവൽക്കരണത്തിന് ഹ്രസ്വചിത്രവുമായി എറണാകുളം റൂറൽ പോലീസ്.




ട്രാഫിക് ബോധവൽക്കരണത്തിന് ഹ്രസ്വചിത്രവുമായി എറണാകുളം റൂറൽ പോലീസ്. ഒരു നല്ല നാളേയ്ക്ക് ഇന്നേ തുടക്കമാകാം എന്ന ആശയവുമായി റൂറൽ എസ്.പി. കെ. കാർത്തിക് IPS നേതൃത്വത്തിലാണ് ചിത്രം നിർമ്മിച്ചിട്ടുള്ളത്.

റോഡിൽ പാലിക്കേണ്ട നിയമങ്ങളും ലംഘിച്ചാൽ അടക്കേണ്ട പിഴകളും വിശദമായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. പുതിയ നിയമം നിലവിൽ വന്നതിന ശേഷം കേരളത്തിൽ ഇത്തരത്തിൽ ഒരു ഹൃസ്വചിത്രം ആദ്യമായാണ് പുറത്തിറങ്ങുന്നത്. ചിത്രത്തിൻറെ രചനയും സംവിധാനവും പ്രസാദ് പാറപ്പുറം, അരുൺ വിശ്വം, റഹിം ഖാദർ എന്നീ സിവിൽ പോലീസ് ഓഫീസേഴ്സാണ് നിർവ്വഹിച്ചിട്ടുള്ളത്. ക്യാമറ സന്തോഷ് അണിമ, അഭിജിത് അശോകൻ, എഡിറ്റിംഗ് വിപിൻ, സംഗീതം ജയപ്രകാശ്, എൽവിൻ ജയിംസ് . ഹ്രസ്വചിത്രത്തിന്റെ പ്രകാശനം എസ്.പി കെ. കാർത്തിക് IPS നിർവ്വഹിച്ചു. ഡി.വൈ.എസ്.പി മാരായ കെ.എം. ജിജിമോൻ, മധു ബാബു, സബ് ഇൻസ്പെക്ടർ മുഹമ്മദ് കബീർ തുടങ്ങിയവർ പങ്കെടുത്തു.